

പരിസ്ഥിതി

●

പ്രഫ. എ.എം റഷീദ്

# പരിസ്ഥിതി സംരക്ഷണത്തിന്റെ ഇസ്‌ലാമിക പാഠങ്ങൾ

**വ്യത്യസ്ത** ഉൽപാദന വികസന രീതികൾ നിലനിന്ന പൂർവാധുനിക, ആധുനിക ചരിത്രഘട്ടങ്ങൾ മനുഷ്യന് തികച്ചും പുതിയ ജീവിതാനുഭവങ്ങളാണ് സമ്മാനിച്ചത്. പൂർവാധുനിക ഘട്ടത്തിലെ ഗ്രാമീണ ജീവിതത്തിന്റെ ലാളിത്യത്തിൽനിന്ന് ആധുനിക വികസന രീതികൾ സമ്മാനിച്ച സങ്കീർണതയിലേക്ക് മനുഷ്യ ജീവിതം വഴിമാറി. ശാസ്ത്ര-സാങ്കേതിക രംഗത്തെ കണ്ടുപിടുത്തങ്ങൾ സമ്മാനിച്ച സൗകര്യങ്ങൾ മനുഷ്യജീവിതത്തെ അടിമുടി മാറ്റി. പക്ഷേ, വികസനത്തിന്റെ തേരോട്ടത്തിൽ ഏറ്റവുമധികം പരിക്കേറ്റത് പരിസ്ഥിതിക്കാണ്. ഇപ്പോൾ കാലാവസ്ഥാ മാറ്റത്തിന്റെയും മറ്റും രൂപത്തിൽ പ്രകൃതി തിരിച്ചടക്കുമ്പോൾ വികസനമെന്നാൽ നാശം എന്നാണോ എന്ന സന്ദേഹം ഉയരുകയാണ്. മലിനമാകുന്ന കടലും പുഴയും വെട്ടിമാറ്റപ്പെടുന്ന വനവും നികത്തപ്പെടുന്ന പാടങ്ങളും വർധിച്ചു വരുന്ന ചേരികളും ഇടിച്ചു നിരത്തപ്പെടുന്ന കുന്നും മലകളും കുന്നുകൂടുന്ന ഇലക്ട്രോണിക് അവശിഷ്ടങ്ങളും എല്ലാം വികസനത്തിന്റെ ബാക്കിപത്രം പോലെ മനുഷ്യന് മുമ്പിൽ ചോദ്യചിഹ്നങ്ങൾ ഉയർത്തുന്നു.

ഒരു അക്കാദമിക്ക് വിഷയം എന്നതിനപ്പുറം പരിസ്ഥിതി സംരക്ഷണം ഇന്നൊരു ജീവന്മരണ പ്രശ്നമാണ്. ജീവജാലങ്ങളുടെയൊക്കെ നിലനിൽപ് ചോദ്യം ചെയ്യപ്പെടുംവിധം സങ്കീർണമായ ആഗോളതാപനം ഉൾപ്പെടെയുള്ള പ്രശ്നങ്ങളുടെ രൂക്ഷത കുറക്കാനെങ്കിലും വഴിതേടുകയാണ് ലോകം. കോപ്പൻഹേഗൻ പോലുള്ള നേരമ്പോക്കുകൾ ഇനിയും തുടരുമെങ്കിലും, ആധുനിക വികസന മാതൃകകളിലും തന്ത്രങ്ങളിലും ഒരു അനിവാര്യത

മനുഷ്യന് ബോധ്യപ്പെട്ടു കഴിഞ്ഞു. നിലനിൽക്കുന്ന വികസനം അല്ലെങ്കിൽ സുസ്ഥിര വികസനം (Sustainable Development) എന്ന സങ്കൽപം വേരുറക്കുകയാണ്. കഴിയുന്നത്ര പ്രകൃതിയോടൊത്തു ജീവിക്കുക മാത്രമാണ് പ്രതിവിധിയെന്ന് തിരിച്ചറിയുന്ന മനുഷ്യൻ ഇതു സംബന്ധമായ നാട്ടറിവുകളും മത ദർശനങ്ങളും പുനർവായനക്ക് വിധേയമാക്കുകയാണ്. ഭൂമിയിലെ സകലതിന്റെയും പാരസ്പര്യത്തെക്കുറിച്ച പാരിസ്ഥിതികാവബോധ സൃഷ്ടിയിൽ പങ്കുവഹിക്കാൻ ഇത്തരം ദർശനങ്ങൾക്ക് കഴിയുമോ എന്ന അന്വേഷണമിപ്പോൾ സജീവമാണ്. സൃഷ്ടിയിലാകെ ഒരു ക്രമവും താളവും സന്നിവേശിപ്പിച്ച പ്രപഞ്ചനാഥനായ ദൈവത്തെ പരിചയപ്പെടുത്തുന്ന ഇസ്‌ലാമിലുമുണ്ട് ഇതു സംബന്ധമായ സങ്കൽപങ്ങൾ. ഖുർആനിലും അതിന്റെ വിശദീകരണമായ ഹദീസിലും പാരിസ്ഥിതികമായ നിരവധി പാഠങ്ങളും സൂചനകളുമുണ്ട്. സമസ്ത ജീവജാലങ്ങളുടെയും പാരസ്പര്യവും പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകതയും വ്യക്തമാക്കുന്ന പ്രഖ്യാപനങ്ങൾ ഖുർആനിലും ഹദീസുകളിലും വായിക്കാം. "മനുഷ്യൻ ചെയ്തുകൂട്ടിയതിന്റെ ഫലമായി കടലിലും കരയിലും നാശം പ്രത്യക്ഷപ്പെട്ടിരിക്കുന്നു. അവർ ചെയ്തതിന്റെ ഭവിഷ്യത്ത് കുറച്ചെങ്കിലും അവർ ആസ്വദിക്കട്ടെ. അങ്ങനെയെങ്കിലും അവർ നേർവഴിക്കായാലോ....." (ഖുർആൻ 30:41).

പരിസ്ഥിതി നാശത്തിന്റെ സമകാലീന അനുഭവങ്ങളുമായി ഈ വാക്യങ്ങൾ ഒത്തുപോകുന്നുണ്ട്. വ്യവസായവും വാഹനങ്ങളും മറ്റും പുറത്തു വിടുന്ന കാർബൺ ഡൈയോക്സൈഡ്, മീഥേൻ, നൈട്രസ് ഓക്സൈഡ്, ഹൈഡ്രോ ഫ്ളൂറോ കാർബൺ, പെർഫ്ളൂറോ കാർബൺ സൾഫർ ഹെക്സാഫ്ളൂറൈഡ് തുടങ്ങിയ ഹരിത ഗൃഹവാതകങ്ങൾ സൃഷ്ടിക്കുന്ന ആഗോളതാപനം ഭൂമിയുടെ തന്നെ നിലനിൽപിനെ ചോദ്യം ചെയ്യുകയാണ്. ഹിമ പാളികൾ ഉരുകി കടൽ നിരപ്പുയർന്ന് കരയെ വിഴുങ്ങുന്നതും ശാന്തസമുദ്രത്തെ ചൂടുപിടിച്ച് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ കടുത്ത വേനലും പേമാരിയും വിതക്കുന്ന എൽനിനോ പ്രത്യക്ഷപ്പെടുന്നതുമൊക്കെ ആഗോളതാപനത്തിന്റെ ഫലമാണ്.

സകല ജീവജാലങ്ങളുടെയും പരസ്പരബന്ധത്തെപ്പറ്റിയുള്ള ജ്ഞാനമാണ് പാരിസ്ഥിതികാവബോധത്തിന്റെ അടിത്തറ. സചേതനവും അചേതനവുമായ സകലത്തിന്റെയും പാരസ്പര്യം പരിസ്ഥിതിയിൽ കാണാം. എല്ലാം പരസ്പരം ബന്ധിതമാണ്. താഴ്വരകളിൽ പരന്നു കിടക്കുന്ന ചരൽ മുതൽ ജലാശയങ്ങളിലെ ജീവജാലങ്ങൾ വരെ എല്ലാത്തിന്റെയും സൃഷ്ടിയുടെ പിന്നിൽ ദൈവനിശ്ചയങ്ങളുണ്ട്. "തീർച്ചയായും ഒരു അളവും ക്രമവും വെച്ചാണ് നാം സകല വസ്തുക്കളെയും സൃഷ്ടിച്ചിട്ടുള്ളത്" (ഖുർആൻ 54:49). "അവനാണ് നിങ്ങൾക്ക് കുടിനീരായി ആകാശത്തു നിന്ന് മഴ വീഴ്ത്തുന്നവൻ. അതിൽനിന്ന് വരുന്ന ചെടികൾ നിന്റെ കാലികൾക്ക് തീറ്റ. മഴയിൽ നിന്നവൻ നിനക്ക് ധാന്യവും ഒലീവും കാരക്കപ്പനയും മുന്തിരിയും മറ്റെല്ലാ ഫലങ്ങളും മുളപ്പിക്കുന്നു. ചിന്തിക്കുന്നവർക്ക് ഇതിൽ ദൃഷ്ടാന്തമുണ്ട്" (16:10). മഴയും മനുഷ്യനും മറ്റു ജീവജാലങ്ങളുമെല്ലാം തമ്മിലുള്ള പരസ്പരബന്ധത്തിന്റെ ഖുർആനിക പ്രഖ്യാപനമാണിത്. പരിസ്ഥിതി സന്തുലിതത്വം തകർക്കുന്ന മനുഷ്യനുള്ള ഉൽബോധനം.

ദൈവാസ്തിത്വത്തിന്റെ അടയാളമാണ് പ്രകൃതിയെന്നു വ്യക്തമാക്കുന്ന നിരവധി ഭാഗങ്ങൾ ഖുർആനിലുണ്ട്. "മേഘങ്ങളെ വഹിക്കുന്ന കാറുകളെ നാം അയച്ചു. എന്നിട്ട് ആകാശത്തുനിന്ന് മഴ വർഷിച്ച് നിങ്ങളെ കുടിപ്പിച്ചു. അതവിടെ കരുതി വെക്കുന്നവർ നിങ്ങളല്ലല്ലോ" (15:19). "കാലികളിൽ തീർച്ചയായും നിങ്ങൾക്കു പാഠ

ങ്ങളുണ്ട്. ചാണകത്തിന്റെയും ചോരയുടെയും ഇടയിൽനിന്ന്, അതിന്റെ അകിടിൽനിന്ന് ശുദ്ധവും സ്വാദിഷ്ടവുമായ നറുംപാൽ നിങ്ങളെ നാം കുടിപ്പിക്കുന്നു. ഈത്തപ്പന യുടെയും മുന്തിരിയുടെയും പഴങ്ങളിൽനിന്ന് നിങ്ങൾ ലഹരി പദാർഥങ്ങളും നല്ല ഭക്ഷണവുമുണ്ടാക്കുന്നു. ചിന്തിക്കുന്നവർക്ക് അതിൽ ദൃഷ്ടാന്തമുണ്ട്" (16:66-70). "ആകാശ ഭൂമികളെ സൃഷ്ടിച്ചത്, രാപ്പകലുകളെ മാറ്റിമാറ്റി വരുത്തുന്നത്, ആകാശ ത്തുനിന്ന് ജലം വർഷിച്ചു മൃതഭൂമിക്ക് ജീവൻ നൽകുന്നത്, അതുവഴി ഭൂമിയിലെങ്ങും ജീവജാലങ്ങളെ വ്യാപിപ്പിക്കുന്നത്, കാറ്റിന്റെ ഗതിമാറ്റുന്നത്, കാറ്റിനെക്കൊണ്ട് മേഘ ങ്ങളെ അകാശ ഭൂമികൾക്കിടയിൽ നിയന്ത്രിച്ച് നിർത്തുന്നത്.... ഇവയിലെല്ലാമുണ്ട് ചിന്തിക്കുന്നവർക്ക് അടയാളങ്ങൾ" (2:164). പ്രകൃതി പ്രതിഭാസങ്ങളുടെ സൃഷ്ടിയും പ്രവർത്തനങ്ങളും വശദീകരിക്കുന്ന ദൈവമിവിടെ മനുഷ്യനെ ചിന്തിപ്പിക്കാൻ പ്രേരി പ്പിക്കുകയാണ്. പ്രകൃതിവിരുദ്ധ വികസന തന്ത്രങ്ങളുമായി മുന്നോട്ട് പോകുന്ന മനു ഷ്യനെ സൃഷ്ടിയുടെ മഹത്വവും തന്റെ നിസ്സാരതയും ബോധ്യപ്പെടുത്തും ഈ പ്രഖ്യാ പനങ്ങൾ.

ഈ പ്രപഞ്ചത്തിന്റെ ഉടമ ദൈവമാണെന്നും ഭൂമിയിലെ ദൈവത്തിന്റെ പ്രതി നിധി മാത്രമാണ് മനുഷ്യനെന്നുമുള്ള ഇസ്‌ലാമിക തത്വം ഇസ്‌ലാമിക പരിസ്ഥിതി ദർശനത്തിന്റെ അടിസ്ഥാനമാണ്. മരണാനന്തര ജീവിതത്തിൽ രക്ഷയും ശിക്ഷയും തീരുമാനിക്കപ്പെടുക ഈ പ്രാതിനിധ്യം എങ്ങനെ ഉപയോഗപ്പെടുത്തി എന്നതിനെ അടിസ്ഥാനമാക്കിയാണ്. മനുഷ്യന് വേണ്ടിയാണ് മഴയാൽ വൃക്ഷങ്ങളും ചെടികളും സൃഷ്ടിച്ചതെന്നും ഭൂമിയെ ദൈവം വാസസ്ഥലമാക്കിയിരിക്കുന്നുവെന്നും പറയുന്ന ഖുർആൻ തന്നെ ധൂർത്തും ദുർവ്യയവും പാടില്ലെന്നും പ്രഖ്യാപിക്കുന്നുണ്ട്. ഇവിടെ ഖുർആൻ മുന്നോട്ടു വെക്കുന്ന പരിസ്ഥിതി ധാർമികതയും മേൽ പറഞ്ഞ പ്രാതിനി ധ്യത്തിന്റെ കണക്കെടുപ്പിൽ പെടും. പരിസ്ഥിതി നാശത്തിനും മനുഷ്യൻ രക്ഷിതാ വിനോട് കണക്ക് ബോധിപ്പിക്കേണ്ടിവരുമെന്ന് ചുരുക്കം. "നാം നിങ്ങൾക്ക് നൽകിയ നല്ല വിഭവങ്ങൾ ഭക്ഷിച്ചു കൊള്ളുക അതിൽ അതിരുകടക്കാതിരിക്കുക. അങ്ങനെ വന്നാൽ എന്റെ കോപം നിങ്ങളിലിറങ്ങും" (20:81). "പന്തലിട്ട് വളർത്തിയതും പന്ത ലിട്ട് വളർത്താത്തതുമായ തോട്ടങ്ങളും ഈന്തപ്പനകളും പലതരം വിഭവങ്ങൾ തരുന്ന വിളകളും സാദൃശ്യമുള്ളതും സാദൃശ്യമില്ലാത്തതുമായ ഒലിവും ഉറുമാനും ഉണ്ടാക്കി യത് അവനാണ്. കായ്ക്കുമ്പോൾ അവയുടെ ഫലങ്ങൾ നിങ്ങൾ ഭക്ഷിക്കുകയും കൊയ്യുന്ന ദിവസം അവയുടെ വിഹിതം അവകാശികൾക്കു കൊടുക്കുകയും ചെയ്യു ക. നിങ്ങൾ ധൂർത്തടിക്കരുത്. ധൂർത്തന്മാരെ അല്ലാഹു ഇഷ്ടപ്പെടുന്നില്ല" (6:141). ഖുർആനിലെ പതിനാലോളം അധ്യായങ്ങളുടെ പേരു തന്നെ പ്രകൃതി പ്രതിഭാസ ങ്ങളെയോ വസ്തുതകളെയോ സൂചിപ്പിക്കുന്നതാണ്. ഇടി മുഴക്കം (അധ്യായം 13), വെളിച്ചം (24), കാറ്റുകൾ (51), ത്വൂർ പർവതം(52), നക്ഷത്രം (53), ചന്ദ്രൻ (54), ഇരുമ്പ് (57), രാവിൽ വരുന്നത് (86), സൂര്യൻ (91), രാത്രി (92), തെളിഞ്ഞ പ്രഭാതം (93), അത്തിമരം (95), ഭൂമി കുലുക്കം (99), സുപ്രഭാതം (113).

ദൈവത്തിന്റെ അധീശത്വം ഊന്നിപ്പറഞ്ഞ്, ദുർവ്യയവും ധൂർത്തും വിലക്കി ആസക്തിയുടെയും നിരാസത്തിന്റെയും ഇടയിലെ മധ്യമാർഗം കാണിച്ചുതരികയാണ് ഇവിടെ ഇസ്‌ലാം.

പക്ഷേ, മുസ്‌ലിംകളും ആധുനിക വികസന രീതികൾ തന്നെയാണ് പിന്തുട രുന്നത്. ലോകത്തെ നിയന്ത്രിക്കുന്ന ജ്ഞാനവ്യവസ്ഥയുടെയും രീതി ശാസ്ത്രത്തി ന്റെയും ഭാഗമാണ് മുസ്‌ലിംകളും. അതേസമയം ഇസ്‌ലാം മുന്നോട്ടു വെക്കുന്ന

സ്വയംനിയന്ത്രണം അഥവാ പരിസ്ഥിതി ധാർമികത പാലിക്കാൻ മുസ്ലിംകൾക്ക് ബാധ്യതയുണ്ട്. ഇതിന് ശക്തമായ പരിസ്ഥിതി സാക്ഷരത (Eco-Literacy) ആവശ്യമാണ്. തന്റെ ഓരോ പ്രവൃത്തിയും പരിസ്ഥിതിയിൽ ഏൽപ്പിക്കുന്ന ആഘാതത്തെക്കുറിച്ചുള്ള ബോധമാണ് പരിസ്ഥിതി സാക്ഷരത. ■

*(ലേഖകൻ നെടുങ്കണ്ടം എം.ഇ.എസ് കോളേജ് പ്രിൻസിപ്പലാണ്)*

amrasheed20@gmail.com